# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2502 08.05.2017 -ലെ മറുപടി

## നദികളിൽ തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി.സത്യൻ<br>,, വി. അബ്ദുറഹിമാൻ<br>,, ഒ. ആർ. കേളു<br>,,കെ.ജെ.മാക്സി | | | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ജലക്ഷാമത്തിന്റെ കാഠിന്യം കുറയ്ക്കുന്നതിനും ഓരുവെള്ളക്കയറ്റം നിയന്ത്രിക്കുന്നതിനും നദികളിൽ തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഓരുവെള്ളക്കയറ്റം നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഉതകുന്നതരത്തിൽ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റഗുലേറ്ററുകൾ കിഫ്ബിയുടെ സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | നദികളിലും ഉപനദികളിലും തോടുകളിലും നിർമ്മിച്ചിട്ടുള്ള തടയണകൾ പലതും നിലവിൽ നാശോന്മുഖമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇവ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | ബജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ നദികളിലും ഉപനദികളിലും തോടുകളിലും കാലാകാലങ്ങളായി നിർമ്മിച്ചതും എന്നാൽ പ്രവർത്തനക്ഷമമല്ലാത്തതുമായ തടയണകൾ വെന്റ്ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ എന്നിവ പുനരുദ്ധരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ (നദീതട അടിസ്ഥാനത്തിൽ) തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ